**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3037** **14-02-2024 - ൽ മറുപടിയ്ക്ക്**

**വന്യജീവി ആക്രമണത്തിന് ഇൻഷുറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ചാണ്ടി ഉമ്മൻ** | | **ശ്രീ. എ. കെ. ശശീന്ദ്രൻ (വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വനത്തിനു പുറത്ത് വന്യജീവി ആക്രമണത്തിൽ ജീവഹാനി നേരിടുന്നവരുടെ ആശ്രിതർക്ക് വനം വകുപ്പ് നൽകി വരുന്ന നഷ്ടപരിഹാര തുക ഇൻഷുറൻസ് പദ്ധതി മുഖേനയാക്കി നടപ്പിലാക്കുന്നതിന് ശ്രമിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | വനത്തിന് അകത്തും പുറത്തും വച്ച് സംഭവിക്കുന്ന വന്യജീവി ആക്രമണം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ജീവഹാനി നേരിടുന്നവരുടെ ആശ്രിതർക്കും വനം വകുപ്പ് നഷ്ടപരിഹാരം നൽകി വരുന്ന നിലവിലെ പദ്ധതി, ഇൻഷ്വറൻസ് പദ്ധതിയായി പരിവർത്തനം ചെയ്ത് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ആശ്രിതർക്ക് നിലവിൽ വിവിധ നഷ്ടപരിഹാര ഇനങ്ങളിലായി എത്ര തുക വിതരണം ചെയ്യാനുണ്ടെന്ന് വിശദമാക്കാമോ; ഇത് എന്നത്തേക്ക് വിതരണം ചെയ്യാനാകും; | (ബി) | മരണപ്പെട്ടവരുടെ ആശ്രിതർക്ക് നിലവിൽ നഷ്ടപരിഹാരമായി നൽകേണ്ടതായ 571 ലക്ഷം രൂപ നൽകുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഇൻഷ്വറൻസ് കമ്പനികളെ ഇതിന്റെ നടത്തിപ്പിനായി നിയോഗിച്ചാൽ ക്ലെയിം നൽകുന്നതിനുള്ള നടപടികൾ സങ്കീർണ്ണമാകുമെന്ന് വിലയിരുത്തുന്നുണ്ടോ? | (സി) | വന്യജീവി ആക്രമണം മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്കും ജീവഹാനിക്കും വനം വകുപ്പ് നഷ്ടപരിഹാരം നൽകിവരുന്ന നിലവിലെ പദ്ധതി, ഇൻഷ്വറൻസ് പദ്ധതിയായി പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിലൂടെ നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ സാധിക്കും എന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ